സംസ്ഥാനത്തെ ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. ഇപ്രകാരം ഭക്ഷണം നൽകുന്നതിലൂടെ മിച്ചം ഉണ്ടാകുന്ന അരിയും സംസ്ഥാന ഗവൺമെന്റ് പൊതുവിതരണ ശൃംഖലയിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിലയ്ക്കെടുത്ത അരിയും ചേർത്ത് ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ വിശേഷാവസരങ്ങളിൽ ഈ പരിപാടിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് 5 കിലോ അരി വീതം സൗജന്യമായി നൽകി വരുന്നു.

ഐ.എച്ച്.ആർ.ഡി. വിദ്യാർത്ഥികൾക്ക് ഡെപ്പോസിറ്റ് തിരിച്ചു നൽകാൻ നടപടി

26 (1239) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി. നടത്തുന്ന കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ പലിശരഹിത ഡെപ്പോസിറ്റ് നല്കുവാൻ ബാദ്ധ്യസ്ഥരാണോ ;

(ബി) എങ്കിൽ ഡെപ്പോസിറ്റ് എന്തു തുകവീതം ഓരോ വിദ്യാർത്ഥിയും അടയ്ക്കണം ;

(സി) ഇപ്രകാരം വിദ്യാർത്ഥിനികളിൽ നിന്നു 31-1-2000 വരെ എന്തു തുക ഈയിനത്തിൽ വാങ്ങിയിട്ടുണ്ട് ;

(ഡി) ഈ പലിശരഹിത ഡെപ്പോസിറ്റ് തിരിച്ചു നല്കേണ്ടത് എന്നാണ് ;

(ഇ) 31-1-2000 വരെ കോഴ്സ് പൂർത്തിയാക്കിയ എത്ര വിദ്യാർത്ഥികളുടെ ഡെപ്പോസിറ്റ് തിരിച്ചു കൊടുക്കാനുണ്ട് ;

(എഫ്) ഒട്ടാകെ ഈ ഇനത്തിൽ എന്തു തുക കൊടുത്തു തീർക്കാനുണ്ട് ; ഏതു മുതൽ കോഴ്സ് പൂർത്തിയാക്കിയവർക്കാണ് തുക നല്കാനുള്ളത് ;

(ജി) ഈ തുക കൊടുത്തു തീർക്കാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പേമെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ പലിശരഹിത ഡെപ്പോസിറ്റ് ഒരു ലക്ഷം രൂപ നല്കുവാൻ ബാദ്ധ്യസ്ഥരാണ്.

(സി) 1993-94, 1994-95, 1995-96, 1996-97 എന്നീ വർഷങ്ങളിൽ 1029 ലക്ഷം രൂപ വാങ്ങിയിട്ടുണ്ട്. 1997-98, 1998-99 വർഷങ്ങളിൽ നിക്ഷേപത്തുക വാങ്ങിയിട്ടില്ല. 1999-2000 അദ്ധ്യയന വർഷത്തിൽ പേമെന്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഒരു ലക്ഷം രൂപ പലിശരഹിത നിക്ഷേപമായി സ്വീകരിക്കുന്നതിന് സർക്കാർ അനുവാദം നൽകി. ഇപ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പൂർണ്ണ ലിസ്റ്റും, നിക്ഷേപത്തുകയുടെ വിവരവും ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാലു വർഷം കഴിഞ്ഞു പഠനം പൂർത്തിയായി പോകുന്നമുറയ്ക്ക് ഈ തുക മടക്കി നൽകുന്നതാണ്.

(ഇ) 1995-96, 1996-97 അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം ലഭിച്ച് പഠനം പൂർത്തിയാക്കി 1998-99, 1999-2000 വർഷങ്ങളിൽ പുറത്തുപോകുന്ന 622 വിദ്യാർത്ഥികളുടെ ഡെപ്പോസിറ്റ് തിരികെ നൽകാനുണ്ട്.

(എഫ്) 622 ലക്ഷം രൂപ 1998-99-ൽ പഠനം പൂർത്തിയാക്കിയവർക്ക് 434 ലക്ഷം രൂപയും, 1999-2000-ൽ പഠനം പൂർത്തിയാക്കുന്നവർക്ക് 188 ലക്ഷം രൂപയും നൽകാനുണ്ട്.

(ജി) സർക്കാർ നയമനുസരിച്ച് 1997-98, 1998-99 വർഷങ്ങളിൽ ഡെപ്പോസിറ്റ് വാങ്ങാതിരുന്നതും, 1996-97, 1999-2000 പേമെന്റ് സീറ്റ് ആകെയുള്ള സീറ്റിന്റെ 50 ശതമാനമായി പരിമിതപ്പെടുത്തിയതു കാരണം 1995-96 ബാച്ചിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും വാങ്ങിയ പലിശരഹിത നിക്ഷേപ തുക ഇതുവരെ നല്കാൻ കഴിഞ്ഞിട്ടില്ല.

ഹയർസെക്കണ്ടറി കോഴ്സിനു റഷ്യൻ ഭാഷ ഉൾപ്പെടുത്താൻ നടപടി

27 (1243) ശ്രീ. എം. വി. ജയരാജൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സിനു ബാധകമല്ലായിരുന്ന ലാംഗ്വേജ് ഗ്രൂപ്പിലെ ഏതൊക്കെ ഭാഷകൾ ഹയർ സെക്കന്ററി കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഏതൊക്കെ ഭാഷകൾ ഹയർസെക്കന്ററി കോഴ്സിന് ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കാമോ ;

(സി) ഇവ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഡി) പ്രീഡിഗ്രി കോഴ്സിന് ബാധകമാക്കിയിരുന്ന കോഴ്സുകൾ എല്ലാം ഹയർ സെക്കന്ററിക്ക് ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്ലസ് ടു സംവിധാനം ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ എത്ര കോളേജുകളിൽ റഷ്യൻ ഭാഷ പഠിപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇപ്പോൾ സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ലാംഗ്വേജ് ഗ്രൂപ്പിൽ റഷ്യൻ ഭാഷ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എച്ച്) റഷ്യൻ ഭാഷ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, ജർമ്മൻ, സിറിക് എന്നീ ഭാഷകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവ കൂടാതെ ഒരു ഭാഷയും നിലവിലുള്ള പാഠ്യക്രമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

890/2010.

LIBRARY ARCHIVES Kerala Legislative Assembly